

● നിരീക്ഷണം/കാഴ്ചപ്പാട്

# സി.ഡബ്ലിയു.ആർ.ഡി.എം.ന്റെ പ്ലാച്ചിമട പഠനം : വിമർശനക്കുറിപ്പ്

**ദക്ഷിണേഷ്യയിലെ മികച്ച ജൈവ പരിസ്ഥിതി ശാസ്ത്രജ്ഞൻ, പ്ലാച്ചിമട കോക്കകോള കമ്പനിമൂലമുള്ള പ്രശ്നങ്ങളെക്കുറിച്ച് ആദ്യമായി പഠനക്കുറിപ്പ് തയ്യാറാക്കിയ ഡോ. സതീഷ് ചന്ദ്രൻനായർ വീണ്ടുമെഴുതുന്നു. പരിഭാഷ : ബിജു എസ്. ബാലൻ**

ഹിന്ദുസ്ഥാൻ കൊക്കോകോള പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുമായി ബന്ധപ്പെട്ട പരിസ്ഥിതി വിഷയങ്ങൾ താഴെ കൊടുക്കുന്നു. ഇവ കോടതിവ്യവഹാരത്തിന്റെ ഭാഗമാകാത്തതും എന്നാൽ ജനങ്ങൾ ഉന്നയിച്ചതുമായ യഥാർത്ഥ പ്രശ്നമാണ്.

● ഭൂഗർഭ ജലത്തിന്റെ അളവിനെ ബാധിക്കുന്ന ഫാക്ടറി സ്ഥാപിച്ചതു വഴി ജലത്തിന്റെ ഗുണമേന്മയിലുണ്ടായ നഷ്ടം. എന്തായിരുന്നു ഇതിന്റെ മൂലകാരണം? നഷ്ടത്തിന്റെ സ്വഭാവം, മനുഷ്യാരോഗ്യത്തിന്മേലും. പരിസ്ഥിതിയുടെ ആരോഗ്യത്തിന്മേലും ഉണ്ടാക്കിയ ആഘാതമെന്ത്? ഇക്കാര്യം ബഹുമാനപ്പെട്ട കോടതി മുമ്പാകെ ഉന്നയിക്കുകയോ നഷ്ടത്തിനെപ്പറ്റി ശാസ്ത്രീയ വിശകലനം നടത്തുകയോ ഭൂമിശാസ്ത്രപരമായി ജലനഷ്ടത്തിനു കാരണമായ ഘടകങ്ങളെപ്പറ്റി പഠനം നടത്തുകയോ പൊതുജനത്തിനുണ്ടായ നഷ്ടത്തിനെപ്പറ്റി സാമൂഹ്യ-സാമ്പത്തിക സർവ്വേ നടത്തുകയോ ചെയ്തിട്ടില്ല.

● CWRDM റിപ്പോർട്ടിന്റെ അനുബന്ധം II A യിൽ 24 കിണറുകളെക്കുറിച്ചുള്ള വിവരങ്ങൾ കൊടുത്തിരിക്കുന്നു. ഇതിൽ 5 എണ്ണം ഫാക്ടറിയുടെ പരിധിയുടെ ഉള്ളിലാണെന്ന് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു. ഏഴു കിണറുകളിലെ വെള്ളത്തിനാണ് ഗുണമേന്മയുടെ പ്രശ്നമുള്ളതായി റിപ്പോർട്ട് ചെയ്തിരിക്കുന്നത്. പന്ത്രണ്ട് കിണറുകളെ സംബന്ധിച്ച് യാതൊരു വിവരവും റിപ്പോർട്ട് ചെയ്തിട്ടില്ല. ഇതിൽ പഞ്ചായത്ത് കുഴൽ കിണറുകളും ഉൾപ്പെടുന്നു. ഇവ ആദിവാസി കോളനിയിലും പ്ലാച്ചിമട കോളനിയിലും ഉള്ളവയാണ്. നിർഭാഗ്യവശാൽ ജലത്തിന്റെ ഗുണമേന്മയെപ്പറ്റിയുള്ള അടിസ്ഥാന വിവരങ്ങൾ ഒന്നുംതന്നെ അവതരിപ്പിച്ചിട്ടില്ല. സംസ്ഥാനത്തിന്റെയോ അല്ലെങ്കിൽ ഭൂഗർഭ ജല ബോർഡിന്റെയോ അല്ലെങ്കിൽ ജല അതോറിട്ടിയുടെയോ കൈവശമുള്ള വിവരങ്ങൾ ലഭ്യമാക്കാനോ അവതരിപ്പിക്കാനോ ശ്രമിച്ചിട്ടില്ല.

● പ്ലാച്ചിമട കൊക്കോകോള കമ്പനിയുമായി ബന്ധപ്പെട്ട വിവാദങ്ങളുടെ തുടക്കത്തിൽ മറ്റൊരു പ്രശ്നം കൂടി ഉണ്ടായിരുന്നു. കമ്പനിയിൽനിന്നുള്ള അർദ്ധ-ദ്രാവക മാലിന്യങ്ങൾ പരിസരത്തുള്ള കൃഷിയിടങ്ങളിൽ നിക്ഷേപിക്കുന്നത് സംബന്ധിച്ചായിരുന്നു അത്. അത് ആരോഗ്യപ്രശ്നങ്ങളും വിളകളെ പ്രതികൂലമായി ബാധിക്കുന്ന പ്രശ്നങ്ങളും സൃഷ്ടിച്ചിരുന്നു. ഈയൊരു വശത്തിനെപ്പറ്റി തുടർ അന്വേഷണം നടത്തപ്പെട്ടിട്ടില്ല.

ഫാക്ടറിയിൽനിന്നും പുറപ്പെടുകയും പരിസരത്തു വ്യാപിക്കുകയും ചെയ്യുന്ന രൂക്ഷ ഗന്ധമുള്ള വാതകത്തെപ്പറ്റിയും തുടർ അന്വേഷണം നടത്തിയിട്ടില്ല.

● CWRDM ന്റെ സാങ്കേതിക റിപ്പോർട്ട് ഭൂഗർഭജലം താഴ്ന്നുപോകുന്നതിനെ ഒരു വാർഷിക, സ്ഥിരമായി സംഭവിക്കുന്ന, ചെറുകിട കാലയളവിൽ സംഭവിക്കുന്ന പ്രതിഭാസമായിട്ടാണ് വിലയിരുത്തിയിട്ടുള്ളത്. പാലക്കാട് ജില്ലയിൽ പൊതുവായും ചിറ്റൂർ താലൂക്കിൽ പ്രത്യേകിച്ചും മരുവൽക്കരണം ഉയർന്ന തോതിൽ സംഭവിച്ചുകൊണ്ടിരിക്കുകയാണ് എന്നത് അറിവുള്ള കാര്യമാണ്. കഴിഞ്ഞ കുറെ വർഷങ്ങളിലായി സംഭവിച്ചിട്ടുള്ള ഭൂഗർഭ ജലത്തിന്റെ താഴ്ചയും ഇതിൽ എത്രമാത്രം കൊക്കകോള കമ്പനിയുടെ വെള്ളം എടുക്കൽ മൂലം സംഭവിച്ചിട്ടുള്ളതാണ് എന്നോ റിപ്പോർട്ടിൽ എവിടെയും പറയുന്നില്ല. ഭൂഗർഭജല സ്രോതസ്സുകളെല്ലാം തന്നെ മഴവെള്ളത്തിന്റെ തോതിനനുസരിച്ചുള്ളവയാണെങ്കിൽ, മഴയുടെ അനുപാതത്തിലുള്ള കുറവ് ഭൂഗർഭജലത്തിന്റെ അളവിനെ എങ്ങനെ ബാധിക്കുമെന്നതിനെക്കുറിച്ച് ഒന്നും പറയുന്നില്ല.

CWRDM പഠനത്തിൽ, ജലസേചനത്തിനുള്ള ജല വിതരണത്തിന്റെ തിരിച്ചുള്ള ഒഴുക്ക് ഭൂഗർഭജലത്തിനെ റീചാർജ്ജ് ചെയ്യുന്ന കണക്ക് ഒരു നിശ്ചിതമായ സംഖ്യയാണ് കൊടുത്തിരിക്കുന്നത്. മൊത്തം ഭൂഗർഭജല റീചാർജ്ജ് 4.08 എം.സി.എം. ആണെന്നും അതിൽ മഴവെള്ളത്തിന്റേതായ സംഭാവന 2.31 എം.സി.എം. ആണെന്നും കൊടുത്തിരിക്കുന്നു. ജലസേചനത്തിനുള്ള ജലവിതരണത്തിൽ നിന്നുള്ള തിരിച്ചുവരവ് 1.57 എം.സി.എം. ആയും കൊടുത്തിരിക്കുന്നു. (പേജ് 18) പക്ഷെ മഴയുടെ തോതിലുണ്ടാകുന്ന വൻതോതിലുള്ള ഏറ്റക്കുറച്ചിലുകൾ കാരണം ജലസേചന റിസർവോയറുകളിൽനിന്നുള്ള ജലത്തിന്റെ ഒഴുക്ക് ഒരേ പോലെയായിരിക്കുകയില്ല. ഭൂഗർഭ ജല സ്രോതസ്സുകളെപ്പറ്റിയുള്ള മൊത്തം കണക്കുകൂട്ടലുകളും, അതിനെ 3.42 എം.സി.എം. എന്ന് തീർച്ചപ്പെടുത്തിയതും, '2025 എ.ഡി. വരെയുള്ള ഗാർഹിക ജലസേചന ആവശ്യങ്ങൾക്കുള്ള ഭൂഗർഭജല ഉപയോഗങ്ങൾക്കു ശേഷമുള്ള, പ്ലാച്ചിമടയിലെ ലഭ്യമായ ഭൂഗർഭ ജല അളവ്, 0.25', എം.സി.എം. ആണെന്നു കണക്കുകൂട്ടിയതും അശാസ്ത്രീയമാണ്.

കണക്കുകളൊന്നും അവതരിപ്പിച്ചിട്ടില്ലെങ്കിലും കനാലുകളിലേക്ക് ജലസേചനത്തിനായി തുറന്നുവിടുന്ന ജലത്തിന്റെ അളവും കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇതുകൂടി കണക്കിലെടുത്തു വേണം ഭൂഗർഭജലത്തിന്റെ അളവ് നിശ്ചയിക്കുന്നത്. സാധാരണ ജനങ്ങൾ അവരുടെ ആവശ്യങ്ങൾക്കായുള്ള ജലം തുറന്ന കിണറുകളിൽനിന്ന് വൻകിട യന്ത്രസംവിധാനങ്ങളോ മോട്ടോറുകളോ ഇല്ലാതെ നേരിട്ട് എടുക്കുകയാണെന്നത് ഒരു വസ്തുതയാണ്. ഈ തുറന്ന കിണറുകളെ ഭൂഗർഭ ജലത്തിന്റെ നിരപ്പിലുള്ള താഴ്ച നേരിട്ട് ബാധിക്കുന്നു. ഇത്തരം ഉപരിതല ജലസ്രോതസ്സുകളുടെ അപ്രത്യക്ഷമാകലും അതുമായി ബന്ധപ്പെട്ട സാമൂഹ്യ-സാമ്പത്തിക പ്രത്യാഘാതങ്ങളും അവ ബാധിക്കുന്നത് ദരിദ്ര വിഭാഗങ്ങളെയാണെന്നറിഞ്ഞിട്ടുകൂടി, പഠിക്കാൻ തയ്യാറായിട്ടില്ല.

● കൊക്കകോള കമ്പനി പരിസരത്തുനിന്നും എടുക്കുന്ന